**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2587** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു കുടുംബം, ഒരു സംരംഭം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ 7 പഞ്ചായത്തുകളിലായി 28 ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകളും, 14 ലോൺ/ലൈസൻസ്/സബ്സിഡി മേളയും, 7 സംരംഭക സഭകളും, 7 LSGD അവയർനസ് പ്രോഗ്രാമുകളും 9 ബ്ലോക്ക് തല എന്റർപ്രണേഴ്സ് അവയർനസ് പ്രോഗ്രാമുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഒരു കുടുംബം, ഒരു സംരംഭം പദ്ധതിയിൽ 36 സംരംഭകർക്കായി 4,09,958/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംസംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് 1996 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ഒരു കുടുംബം- ഒരു സംരംഭം പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി, പി.എം.എഫ്.എം.ഇ. എന്നീ പദ്ധതികളിലൂടെ സബ്സിഡി/ഗ്രാന്റ് ഇനത്തിൽ 3,70,50,814/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ